(ബി) മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്റ്റ്-1951-ന്റെ സെക്ഷൻ 6-ലെ ഉപവകുപ്പ് (15), (16), (17) എന്നിവയിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം ആരാധനയ്ക്കായി സമർപ്പിക്കപ്പെടുന്ന ക്ഷേത്രം, മഠം, പ്രത്യേക ദാന സ്വത്തുക്കൾ എന്നിവയിൽ അവകാശമെന്നോണം ആരാധന നടത്തുക, ഗുണഭോക്താവാകുക, പൊതു ആരാധനയ്ക്കുള്ള സ്ഥലമായി ഉപയോഗപ്പെടുത്തുക എന്നിവ നിർവ്വഹിക്കുകയും അത്തരമുള്ള സ്ഥാപനത്തിന്റെ നടത്തിപ്പ് പൊതുജനങ്ങളുടെ സംഭാവന, സമർപ്പണം എന്നീ ഇനങ്ങളിൽ നിന്ന് നിർവ്വഹിക്കപ്പെടുന്നതായി അന്വേഷണത്തിന്റെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെടുമ്പോൾ മാത്രമാണ് ക്ഷേത്രങ്ങളും ധർമ്മസ്ഥാപനങ്ങളും ടി നിയമത്തിന്റെ പരിധിയിൽപ്പെടുന്നത്.

(സി&ഡി) അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

മലബാറിലെ ക്ഷേത്രം സ്ഥാനീയർക്കുള്ള സഹായ വിതരണം

271(563) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാറിലെ ക്ഷേത്രം സ്ഥാനീയർക്ക് സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക സഹായം എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2011 ജനുവരി മാസത്തിൽ വിതരണം ചെയ്യുന്നതിന് ഉദ്ദേശിച്ചുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

മലബാർ ദേവസ്വം ബോർഡിലെ നിയമനം

272(564) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ സർക്കാർ അനുവദിക്കുകയാണെങ്കിൽ ദേവസ്വം ബോർഡിലെ നിയമനങ്ങൾ ഏറ്റെടുക്കാമെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിൽ എത്ര സ്കൂളുകളുണ്ട്; പ്രസ്തുത സ്കൂളുകളിലേക്കുള്ള നിയമനങ്ങളുടെ നടപടിക്രമം വിശദമാക്കുമോ;

(സി) ഈ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ബോർഡ് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ഡി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള സ്കൂളുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിലെ കമ്മീഷണർ തസ്തിക ഒഴികെയുള്ള തസ്തികകളിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയായിരിക്കുമെന്ന് മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനായി പി.എസ്.സി-യെ ചുമതലപ്പെടുത്തുന്നതിനുള്ള THE KERALA PUBLIC SERVICE COMMISSION (ADDITIONAL FUNCTIONS AS RESPECTS THE ADMINISTRATIVE SERVICES UNDER THE MALABAR DEVASWOM BOARD) BILL-2009 പത്തൊമ്പതാം കേരള നിയമസഭയിൽ ബിൽ 259 ആയി നിയമസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) മലബാർ ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സ്കൂളുകൾ ഒന്നും നിലവിലില്ല. ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ മാനേജ്മെന്റിൽ 7 സ്കൂളുകളുണ്ട്. പ്രസ്തുത സ്കൂളുകളിലെ നിയമനങ്ങൾക്ക് എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിലെ നിയമനങ്ങൾക്ക് പാലിക്കപ്പെടേണ്ട നടപടിക്രമങ്ങൾ ബാധകമാണ്.

(സി&ഡി) ബാധകമല്ല.

സർക്കാർ കലണ്ടറിൽ തിരുത്തൽ വരുത്തുന്നത് സംബന്ധിച്ച്

273(585) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കലണ്ടറിൽ മുസ്ലീങ്ങളുടെ പ്രധാന ആഘോഷങ്ങളിലൊന്നായ ചെറിയ പെരുന്നാൾ ദിനത്തിന് പകരം വിശുദ്ധ റംസാൻ മാസത്തെ സൂചിപ്പിക്കുന്ന റംസാൻ എന്നു ചേർക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യം സംബന്ധിച്ച് മതപണ്ഡിതൻമാരുടെ അഭിപ്രായം തേടിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്രതാനുഷ്ഠാനത്തോടനുബന്ധിച്ചുള്ള പെരുന്നാളിന് 'ഈദുൾ ഫിത്തർ' എന്നും ഹജ്ജിനോടനുബന്ധിച്ചുള്ള പെരുന്നാളിന് 'ഈദുൾ അസ്ഹ' എന്നും സർക്കാർ കലണ്ടറിൽ രേഖപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു.എം.എൽ.എ. ശ്രീ. പി. ടി. എ. റഹീം സർക്കാരിന് കത്ത് നല്കിയിട്ടുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly